# കേരള നിയമസഭ
# 20.06.2014–ലെ മറുപടിക്ക്

## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം
2014 ജൂൺ 20, വെള്ളി
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ 319)

| മറുപടി നൽകുന്ന മന്ത്രിമാർ | | ചോദ്യനമ്പർ |
|---|---|---|
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി | : | 2971 മുതൽ 3057 വരെ |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | : | 3058 മുതൽ 3098 വരെ |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | : | 3099 മുതൽ 3200 വരെ |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | 3201 മുതൽ 3289 വരെ |

### തൊഴിലുറപ്പ് പദ്ധതിയെ ഉല്പാദന മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടി

2971 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയെ ഉല്പാദന മേഖലകളിലേക്ക് കുടി വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കാർഷിക, തോട്ടം മേഖലകളിലും, മറ്റ് നിർമ്മാണ മേഖലകളിലേക്കും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) തൊഴിലുറപ്പ് പദ്ധതിയെ സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാക്കുമോ?

# കേരള നിയമസഭ
# 20.06.2014-ലെ മറുപടിക്ക്

തൊഴിലുറപ്പ് പദ്ധതിയിലെ ജോലി സമയം

2972 ശ്രീ. ബെന്നി ബെഹനാൻ
,, വി. ഡി. സതീശൻ
,, സി. പി. മുഹമ്മദ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ജോലി സമയം പുനർനിർണ്ണയിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പുനർനിർണ്ണയിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ജോലി സമയത്തിൽ വരുന്ന കുറവ് എങ്ങനെയാണ് പരിഹരിക്കപ്പെടുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇത് സംബന്ധിച്ച് കൂലിയിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
# 20.06.2014-ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതി പഞ്ചായത്തുകൾക്ക് പുതിയ മാർഗ്ഗ നിർദ്ദേശം</u>

2973 ശ്രീമതി കെ.കെ. ലതിക
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
,, സി കൃഷ്ണൻ
,, എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുക്കാവുന്ന പണികളെ സംബന്ധിച്ച് പഞ്ചായത്തുകൾക്ക് പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ;

(ബി) ഈ മാർഗ്ഗനിർദ്ദേശപ്രകാരം ഒഴിവാക്കപ്പെട്ട പണികൾ ഏതൊക്കെയാണെന്നറിയിക്കാമോ;

(സി) നടപ്പുവർഷത്തെ കർമ്മ പദ്ധതികൾ അംഗീകരിക്കപ്പെട്ടിരിക്കുന്ന സ്ഥിതിക്ക് ഇപ്പോൾ വരുത്തിയിരിക്കുന്ന മാറ്റങ്ങൾ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിനെ ബാധിക്കുമോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

2974 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ 2014 മാർച്ച് 31 വരെ എത്ര തൊഴിലാളികളാണ് കേരളത്തിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്;

(ബി) കൃഷിപ്പണികളെ തൊഴിലുറപ്പ് പദ്ധതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതിക്കായി കേന്ദ്ര/സംസ്ഥാന സർക്കാരുകൾ ചെലവഴിച്ച തുക</u>

2975 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലത്ത് തൊഴിലുറപ്പ് പദ്ധതിക്കായി കേന്ദ്ര/സംസ്ഥാന സർക്കാരുകൾ ചെലവഴിച്ച തുകകൾ വാർഷികാടിസ്ഥാനത്തിൽ ജില്ല തിരിച്ച് അറിയിക്കുമോ?

**കേരള നിയമസഭ**
**20.06.2014-ലെ മറുപടിക്ക്**

<u>കാർഷിക മേഖലയെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി</u>

2976 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നിലവിൽ ഏതൊക്കെ മേഖലകളിലാണ് തൊഴിലുറപ്പ് പദ്ധതി ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; കാർഷിക മേഖലയെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതി വഴിയുള്ള ആസ്തിനിർമ്മിതി പദ്ധതികൾ ബാധിക്കുന്നത് സംബന്ധിച്ച്</u>

2977 ശ്രീ. ഇ. പി. ജയരാജൻ
'' കെ. കുഞ്ഞമ്മത് മാസ്റ്റർ
'' വി. ചെന്താമരാക്ഷൻ
'' ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രത്യേക സാഹചര്യങ്ങൾക്കനുസൃതമായി തൊഴിലുറപ്പ് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാൻ കഴിയാതെ പോകുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) തൊഴിലുറപ്പ് പദ്ധതി പ്രകാരം ആസ്തിനിർമ്മിതി പദ്ധതികൾ മാത്രമേ ഏറ്റെടുക്കാവു എന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ഈ നിർദ്ദേശം തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിനെ ഏതുതരത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

# കേരള നിയമസഭ
# 20.06.2014-ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതിതൊഴിലാളികൾക്കുള്ള വേതനം</u>

2978 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയിൽ എത്ര കുടുംബങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയിൽ രജിസ്റ്റർ ചെയ്തവർക്ക് വർഷത്തിൽ എത്ര ദിവസമാണ് തൊഴിൽ നൽകുന്നത്, ഇത് കുറയ്ക്കാനോ, കൂട്ടാനോ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) തൊഴിലാളികൾക്ക് നൽകിവരുന്ന വേതനം എത്ര രൂപയാണ്; ഈ തുക വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണ് സർക്കാർ നിലപാടെന്ന് വ്യക്തമാക്കുമോ;

(ഡി) തൊഴിലെടുക്കുന്നവർക്കുള്ള വേതനം എത്ര ദിവസത്തിനകമാണ് നൽകേണ്ടതെന്നും ഈ ദിവസപരിധിക്കുള്ളിൽ എല്ലാപേർക്കും വേതനം നൽകുന്നുണ്ടോയെന്നും വ്യക്തമാക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

ദേശീയ തൊഴിലുറപ്പുപദ്ധതി പ്രകാരമുള്ള വേതന കുടിശ്ശിക

2979 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2013-2014 സാമ്പത്തിക വർഷം തൊഴിലുറപ്പുപദ്ധതി പ്രകാരം എത്ര തൊഴിലാളികൾക്കാണ് തൊഴിൽ നൽകിയിട്ടുള്ളത്; വ്യക്തമാക്കാമോ; ശരാശരി എത്ര തൊഴിൽ ദിനങ്ങൾ ഉണ്ടായെന്ന് വ്യക്തമാക്കുമോ;

(ബി) അമ്പലപ്പുഴ മണ്ഡലത്തിലെ പഞ്ചായത്തുകളിൽ എത്ര തൊഴിലാളികൾക്കാണ് തൊഴിൽ നൽകാൻ കഴിഞ്ഞതെന്നും, ശരാശരി എത്ര തൊഴിൽ ദിനങ്ങൾ ഉണ്ടായെന്നും വ്യക്തമാക്കുമോ;

(സി) തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ചെയ്തവർക്ക് വേതന കുടിശ്ശിക നിലവിലുണ്ടോ; അമ്പലപ്പുഴ മണ്ഡലത്തിലെ പഞ്ചായത്തുകളിൽ എന്തു തുക വീതം കുടിശ്ശികയുണ്ട്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കെതിരായ നീക്കം

2980 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അട്ടിമറിക്കാനുള്ള ആസൂത്രിത നീക്കം നടത്തുന്നു എന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
# 20.06.2014-ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഓണക്കോടി</u>

2981 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഓണത്തിന് മുമ്പ് 100 ദിവസം ജോലി ചെയ്ത തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഈ വർഷവും ഓണക്കോടി നൽകാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**20.06.2014-ലെ മറുപടിക്ക്**

<u>തൊഴിലുറപ്പ് പദ്ധതിയിലെ</u>
<u>പ്രവൃത്തികളുടെ പട്ടിക</u>

2982 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി ചെയ്യാൻ കഴിയുന്ന പ്രവൃത്തികളുടെ പട്ടിക ലഭ്യമാക്കുമോ; ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാർ പുറത്തിറക്കിയ പ്രവൃത്തികളുടെ ഷെഡ്യൂളിൽ സംസ്ഥാന സർക്കാർ ഏതെങ്കിലും തരത്തിലുള്ള മാറ്റങ്ങൾ സംസ്ഥാനത്തിനു മാത്രമായി വരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) റോഡുകളുടെ വശങ്ങൾ വൃത്തിയാക്കുന്ന പ്രവൃത്തി തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നോ; ഇപ്പോൾ പ്രസ്തുത പ്രവൃത്തികൾ ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശമാക്കുമോ;

(സി) റോഡിന്റെ വശങ്ങൾ വൃത്തിയാക്കുന്ന പദ്ധതി ഉൾപ്പെടുത്തി പഞ്ചായത്തുകൾ തയ്യാറാക്കിയ ആക്ഷൻ പ്ലാനിൽ മാറ്റം വരുത്തി തൊഴിലാളികൾക്ക് 100 ദിവസം തൊഴിൽ ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ</u>

2983 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയിൽ നാളിതുവരെ എത്ര കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) 2013-14 സാമ്പത്തിക വർഷം എത്ര കുടുംബങ്ങൾക്ക് 100 ദിവസം തൊഴിൽ നൽകാൻ സാധിച്ചു;

(സി) 2013-14 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിക്ക് നൽകിയ കേന്ദ്രധന സഹായം എത്ര; എന്തു തുക സംസ്ഥാന വിഹിതമായി നൽകി; വ്യക്തമാക്കുമോ;

(ഡി) 2013-14 സാമ്പത്തിക വർഷത്തിൽ തൊഴിലെടുത്ത എല്ലാ തൊഴിലാളികൾക്കും കൂലി നൽകാൻ സാധിച്ചുവോ; ഇല്ലെങ്കിൽ എത്ര തൊഴിലാളികൾക്ക് കുടിശ്ശികയിനത്തിൽ കൂലി നൽകാനുണ്ട്; ആയതിന് എന്തു തുക വേണ്ടിവരും; വ്യക്തമാക്കുമോ;

(ഇ) നാളിതുവരെ തൊഴിലുറപ്പ് ജോലിക്കിടെ പല കാരണങ്ങളാൽ മരണപ്പെട്ടവർ എത്ര; മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് എന്തൊക്കെ ധനസഹായം നൽകി; വ്യക്തമാക്കുമോ;

(എഫ്) തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചു; വിശദമാക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് 2014-15 ഏപ്രില്‍, മെയ് മാസങ്ങളില്‍ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴില്‍ ലഭിച്ചവര്‍</u>

2984 ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

2014-15 ഏപ്രില്‍, മെയ് മാസങ്ങളില്‍ തൊഴിലുറപ്പ് തൊഴിലാളികളില്‍ എത്ര പേര്‍ക്ക് തൊഴില്‍ നല്‍കിയെന്നും എത്ര ദിവസം നല്‍കിയെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>പ്രധാനമന്ത്രി ഗ്രാമീണ്‍ സഡക് യോജന പ്രകാരം ലഭ്യമായ ഫണ്ടിന്റെ വിനിയോഗം</u>

2985 ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)
,, ബി. സത്യന്‍
,, കോലിയക്കോട് എന്‍. കൃഷ്ണന്‍ നായര്‍
,, കെ. കെ. നാരായണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പ്രധാനമന്ത്രി ഗ്രാമീണ്‍ സഡക് യോജന പ്രകാരം ലഭ്യമായ ഫണ്ടിന്റെ വിനിയോഗം തൃപ്തികരമല്ലാത്ത നിലയില്‍ പുരോഗമിക്കുന്നതിന്റെ കാരണങ്ങളെ സംബന്ധിച്ച് വിലയിരുത്തല്‍ നടത്തിയിട്ടുണ്ടോ;

(ബി) ഫണ്ട് വിനിയോഗം കുറയുവാനിടയായ സാഹചര്യങ്ങളെ സംബന്ധിച്ച് വിശദമാക്കാമോ;

(സി) ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വിവരങ്ങള്‍ നല്‍കാമോ;

(ഡി) 2011-12, 2012-13, 2013-14 എന്നീ വര്‍ഷങ്ങളില്‍ ഈ പദ്ധതി പ്രകാരമുള്ള ഫണ്ട് വിനിയോഗം സംബന്ധിച്ച കണക്ക് ലഭ്യമാണോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>പ്രധാനമന്ത്രി ഗ്രാമീണ്‍ സഡക് യോജന പ്രകാരമുള്ള റോഡുകളുടെ നിര്‍മ്മാണം</u>

2986 ശ്രീ. എ. കെ. ശശീന്ദ്രന്‍
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം ഗ്രാമീണ റോഡ് നിര്‍മ്മാണത്തിനുള്ള പ്രധാനമന്ത്രി ഗ്രാമീണ്‍ സഡക് യോജന പ്രകാരം എത്ര റോഡുകളുടെ നിര്‍മ്മാണം ആരംഭിച്ചെന്ന് വ്യക്തമാക്കുമോ; പ്രസ്തുത റോഡ് നിര്‍മ്മാണം എന്നത്തേയ്ക്ക് പൂര്‍ത്തിയാക്കാന്‍ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>പ്രധാൻമന്ത്രി ഗ്രാമീൺ സഡക് യോജന പദ്ധതി പ്രകാരം കൊല്ലം ജില്ലയിലെ പ്രവൃത്തികൾ</u>

2987 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രധാൻമന്ത്രി ഗ്രാമീൺ സഡക് യോജന പദ്ധതി പ്രകാരം കൊല്ലം ജില്ലയിലെ കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്കുകളിലായി അനുമതി ലഭിച്ചവയിൽ ഇനി പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും പ്രവൃത്തികൾ എന്നേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നുള്ള വിവരവും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

ഗ്രാമവികസന വകുപ്പിന്റെ വികസന പരിശീലന കേന്ദ്രം

2988 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിന്റെ വികസന പരിശീലന കേന്ദ്രം (ഇ.റ്റി.സി) കോതമംഗലത്ത് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലുള്ളവർക്ക് ഗുണകരമാകുന്ന പ്രസ്തുത ട്രെയിനിംഗ് സെന്റർ കാലതാമസം ഇല്ലാതെ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

‘സ്വയം സഹായ സംഘങ്ങൾക്കുള്ള സുസ്ഥിര വരുമാന പദ്ധതി’

2989 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിന്റെ നേതൃത്വത്തിൽ ‘സ്വയം സഹായ സംഘങ്ങൾക്കുള്ള സുസ്ഥിര വരുമാന പദ്ധതി’ എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുന്നതിന് സാധിച്ചിട്ടുണ്ട് എന്നതിന്റെ ജില്ലാതല വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി എപ്രകാരമാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആർ.ഐ.ഡി.എഫ് ഫണ്ട്

2990 ശ്രീ. കെ. കെ. ജയചന്ദ്രൻ
,, എ. പ്രദീപ്കുമാർ
,, കെ. വി. വിജയദാസ്
,, സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2013-14-ൽ ആർ.ഐ.ഡി.എഫ് -ൽ നിന്നും ഫണ്ട് അനുവദിക്കപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) എന്തെല്ലാം കാര്യങ്ങൾക്കാണ് ഫണ്ട് മുഖ്യമായും അനുവദിക്കപ്പെട്ടിട്ടുള്ളത് എന്നറിയിക്കാമോ;

(സി) ഫണ്ട് ചെലവഴിക്കപ്പെട്ടതിന്റെ വിശദാംശങ്ങൾ നൽകാമോ; ഫണ്ട് ചെലവഴിക്കുന്നതിൽ എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

കണ്ണൂർ ജില്ലയിലെ ഗവ. ഹയർ സെക്കന്ററി സ്കൂൾ കോംപ്ലക്സ്കളുടെ നിർമ്മാണം

2991 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നബാർഡ് ആർ.ഐ.ഡി.എഫ് ഫണ്ട് ഉപയോഗിച്ച് കണ്ണൂർ ജില്ലയിലെ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ കോംപ്ലക്സ് നിർമ്മിക്കുന്നതിന് ജില്ലാ പഞ്ചായത്ത് സമർപ്പിച്ച പ്രോജക്ടിൽ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്നും പ്രസ്തുത പ്രൊപ്പോസലിൽ ഏതൊക്കെ ഹയർ സെക്കന്ററി സ്കൂളുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) നബാർഡിൽ നിന്നും ഫണ്ട് ലഭ്യമാക്കി ഭരണാനുമതി നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

നബാർഡ് ആർ. ഐ. ഡി. എഫ് 19 ട്രാഞ്ചയിലെ പദ്ധതികൾ

2992 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നബാർഡ് ആർ.ഐ. ഡി. എഫ് 19(2013 -2014) ട്രാഞ്ചയിൽ ഉൾപ്പെടുത്തി നടപ്പാകുന്ന പദ്ധതികൾ എന്തെല്ലാം; വിശദമാക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>കുട്ടനാട്ടിലെ പി.എം.ജി.എസ്.വൈ. പദ്ധതികൾക്ക് അധികരിച്ച നിരക്കിന് അനുമതി നൽകാൻ നടപടി</u>

2993 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ പി.എം.ജി.എസ്.വൈ. അഞ്ചാം ഘട്ടംമുതൽ ഏഴാം ഘട്ടംവരെയുള്ള റോഡുകൾ നടപ്പിലാക്കാനാവാത്തതിനാൽ എത്ര തുകയുടെ വികസന പദ്ധതിയാണ് നഷ്ടപ്പെട്ടതെന്ന് വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ബി) എട്ടാം ഘട്ടത്തിൽ അനുവദിച്ച റോഡുകൾ റീടെണ്ടർ ചെയ്തിട്ടും കരാറുകൾ ഏറ്റെടുക്കാത്ത സാഹചര്യത്തിൽ 50%മെങ്കിലും അധികരിച്ച നിരക്ക് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) പി.എം.ജി.എസ്.വൈ. പദ്ധതികളുടെ തുക ലാപ്സാകുന്ന സാഹചര്യം ഒഴിവാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങളിൽ കുട്ടനാട് പോലെയുള്ള പ്രദേശങ്ങൾക്ക് ഇളവ് ലഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 20.06.2014–ലെ മറുപടിക്ക്

<u>പി. എം. ജി. എസ്. വൈ. പദ്ധതി പ്രകാരം</u>
<u>കാസർഗോഡ് ജില്ലയിലെ റോഡുകൾ</u>

2994 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രധാനമന്ത്രിയുടെ ഗ്രാമീണ റോഡ് വികസന പദ്ധതിയിൽപ്പെടുത്തി കാസർഗോഡ് ജില്ലയിൽ എത്ര റോഡുകളുടെ പണി ഏറ്റെടുത്തിട്ടുണ്ട്;
അവയിൽ എത്രയെണ്ണത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്;

(ബി) കൂടുതൽ റോഡുകൾ പ്രസ്തുത പദ്ധതിയിൽപ്പെടുത്തി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകാമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

അമ്പലപ്പുഴ മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ റോഡുകൾ

2995 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ പ്രധാൻമന്ത്രി ഗ്രാമീൺ സഡക് യോജന പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡുകളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) അമ്പലപ്പുഴ മണ്ഡലത്തിൽ പുതുതായി ഏതൊക്കെ റോഡുകളാണ് പി.എം.ജി.എസ്.വൈ പദ്ധതിപ്രകാരം അനുമതിക്കായി സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

**അമ്പലപ്പുഴ ബ്ലോക്കിൽ ഐ.എ.വൈ. പദ്ധതിയിലെക്ക് പണം നൽകുന്നതിലെ കാലതാമസം**

2996 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ ബ്ലോക്കിൽ ഐ.എ.വൈ. പദ്ധതി പ്രകാരം വീടുകൾ അനുവദിച്ചവർക്ക് പണം നൽകാനുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ എത്ര പേർക്ക്, എന്തു തുക, പേരും വിലാസവും സഹിതം ലഭ്യമാക്കുമോ;

(സി) പണം നൽകാൻ കാലതാമസമുണ്ടാകുന്നതിന്റെ കാര്യം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>ഇന്ദിര ആവാസ് യോജന</u>

2997 ശ്രീ. റ്റി. എൻ. പ്രതാപൻ
,, വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇന്ദിര ആവാസ് യോജനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് പ്രസ്തുത പദ്ധതിയനുസരിച്ച് നൽകുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ഐ.എ.വൈ പദ്ധതി പ്രകാരം വീട് നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

**ഇന്ദിരാ ആവാസ് യോജന പ്രകാരമുള്ള ഭവന നിര്‍മ്മാണത്തിന് നല്‍കുന്ന തുക**

2998 ശ്രീ. എ.കെ. ബാലന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഇന്ദിരാ ആവാസ് യോജന പ്രകാരം ദുര്‍ബല ജനവിഭാഗങ്ങള്‍ക്ക് ഭവന നിര്‍മ്മാണത്തിന് എത്ര രൂപയാണ് നല്‍കുന്നതെന്നും കേന്ദ്ര-സംസ്ഥാന-തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം എത്ര രൂപ വീതമാണെന്നും വ്യക്തമാക്കുമോ;

(ബി) 2011-12, 2012-13, 2013-14 വര്‍ഷങ്ങളിലേക്ക് എത്ര രൂപയാണ് കേന്ദ്രവിഹിതമായി ലഭിച്ചിട്ടുള്ളതെന്നും അതില്‍ എത്ര രൂപ വിതരണം ചെയ്തുവെന്നും വ്യക്തമാക്കുമോ; ഓരോ വര്‍ഷത്തേയും കണക്ക് നല്‍കുമോ;

(സി) ഈ വര്‍ഷങ്ങളില്‍ എത്ര രൂപയാണ് സംസ്ഥാനവിഹിതമായി നല്‍കേണ്ടിയിരുന്നതെന്നും അതില്‍ എത്ര രൂപ ഇതുവരെ നല്‍കിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ; ഓരോ വര്‍ഷത്തെയും കണക്ക് വിശദമാക്കുമോ;

(ഡി) ഓരോ വര്‍ഷവും എത്ര ഭവനങ്ങള്‍ വീതം നല്‍കാനാണ് ലക്ഷ്യമിട്ടിരുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) ഓരോ വര്‍ഷവും എത്ര അപേക്ഷകള്‍ ലഭിച്ചുവെന്നും എത്ര വീടുകള്‍ അനുവദിച്ചുവെന്നും എത്ര വീടുകള്‍ പൂര്‍ത്തിയായെന്നും വ്യക്തമാക്കുമോ;

(എഫ്) പട്ടികജാതി-പട്ടികവര്‍ഗ്ഗ വിഭാഗങ്ങളില്‍ നിന്നും എത്ര അപേക്ഷകള്‍ ലഭിച്ചുവെന്നും എത്ര വീടുകള്‍ അനുവദിച്ചുവെന്നും എത്ര വീടുകള്‍ പൂര്‍ത്തിയാക്കിയെന്നും വ്യക്തമാക്കുമോ;

(ജി) സംസ്ഥാന വിഹിതം യഥാസമയം നല്‍കാത്തതിനാല്‍ വീടുകള്‍ യഥാസമയം പൂര്‍ത്തീകരിക്കാന്‍ കഴിയാത്ത സാഹചര്യം ഉണ്ടോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>ചമ്പക്കുളം ബ്ലോക്കിൽ ഇന്ദിരാ ആവാസ് യോജന പദ്ധതിപ്രകാരം അനുവദിച്ച തുക</u>

2999 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം 2012-13 സാമ്പത്തിക വർഷത്തിൽ വെളിയനാട്, ചമ്പക്കുളം ബ്ലോക്കിൽ എത്ര പേർക്ക് എത്ര തുകവീതം അനുവദിച്ചുവെന്ന് വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ബി) ഐ.എ.വൈ. പദ്ധതി പ്രകാരം തുക അനുവദിക്കുന്നതിനുള്ള കാലതാമസം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഇന്ദിരാ ആവാസ് യോജന പദ്ധതിയിൽ വീടുകൾ</u>

T3000 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ഇന്ദിരാ ആവാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര വീടുകൾ അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് പറയാമോ;

(ബി) ഇവയിൽ എത്ര പേർക്ക് തുക പൂർണ്ണമായും അനുവദിക്കുകയും വീട് നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ടെന്ന് പറയാമോ;

(സി) ഐ.എ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തുകയും നിലവിലുണ്ടായിരുന്ന വീടുകൾ പൊളിച്ചുമാറ്റുകയും ചെയ്ത ശേഷം തുക നൽകാത്തതുകാരണം ഇനിയും വീടുകൾ പൂർത്തിയാകാത്തതായി എത്ര പേരുണ്ടെന്ന് പറയാമോ;

(ഡി) ഇവർക്ക് തുക പൂർണ്ണമായും വിതരണം ചെയ്യാതിരിക്കാനുള്ള കാരണങ്ങൾ പറയാമോ;

(ഇ) നിലവിലുണ്ടായിരുന്ന വാസയോഗ്യമല്ലാത്ത വീടുകൾ പൊളിച്ചതുവഴി പാർപ്പിടരഹിതരായ ഇവർക്ക് വീട് നിർമ്മിച്ചു നൽകുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.06.2014-ലെ മറുപടിക്ക്

ഓരോ നിയോജകമണ്ഡലത്തിലും ഓരോ
പ്രത്യേക ബ്ലോക്ക് പഞ്ചായത്ത്

3001 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓരോ നിയോജക മണ്ഡലത്തേയും ഓരോ പ്രത്യേക ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ മാത്രം ഉൾപ്പെടുത്തണം എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ രണ്ടോ മൂന്നോ ബ്ലോക്കുപഞ്ചായത്തുകളുടെ അധികാരപരിധിയിൽ ഉൾപ്പെട്ടു കിടക്കുന്ന നിയമസഭാ മണ്ഡലങ്ങളെ ഒരു നിശ്ചിത ബ്ലോക്കിന്റെ പരിധിയിൽ മാത്രം ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) വള്ളിക്കുന്ന് നിയോജകമണ്ഡലം ഇപ്പോൾ രണ്ട് ബ്ലോക്കുകളുടെ അധികാര പരിധിയിലായതിനാൽ വള്ളിക്കുന്ന് നിയോജകമണ്ഡലം മാത്രം ഉൾപ്പെടുന്ന ഒരു പുതിയ ബ്ലോക്ക് പഞ്ചായത്ത് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത വിഷയത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

മലപ്പുറം ജില്ലയിൽ കൂടുതൽ ബ്ലോക്ക് പഞ്ചായത്തുകൾ അനുവദിക്കുന്നതിന് നടപടി

3002 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ബ്ലോക്കുപഞ്ചായത്തുകളുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ടുള്ള നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന് മേൽ എന്തു നടപടിയാണ് സ്വീകരിച്ചത്;മലപ്പുറം ജില്ലയിൽ കൂടുതൽ ബ്ലോക്ക് പഞ്ചായത്തുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2014–ലെ മറുപടിക്ക്

<u>കടുത്തുരുത്തി മൂർക്കാട്ടിൽപടി പമ്പ് ഹൗസ് റോഡ് നിർമ്മാണം</u>

3003 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. റോഡായ മൂർക്കാട്ടിൽപടി പമ്പ് ഹൗസ് റോഡിന്റെ നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) 2009 ൽ അധികൃതർ ഏറ്റെടുത്ത പണി നാളിതുവരെയായി മുടങ്ങിക്കിടക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) മൂർക്കാട്ടിൽപടി റോഡിനെ സംബന്ധിച്ച് എൽ.എസ്.ജി.ഡി./ഡി.ഡി1/3879/2013 എന്ന ഫയലിൽ തീരുമാനമെടുക്കുവാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത ഫയലിൽ കെ.എസ്.എസ്.ആർ.ഡി.എ. യുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേലുള്ള തീരുമാനം വേഗത്തിലാക്കി റോഡുപണി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

ഗ്രാമവികസനവകുപ്പിന്റെ നേതൃത്വത്തിൽ ഗ്രാമീണ റോഡുകളുടെ നിർമ്മാണം

3004 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസനവകുപ്പിന്റെ നേതൃത്വത്തിൽ കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ ഗ്രാമീണറോഡുകളുടെ നിർമ്മാണം ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ടോ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരമേറ്റശേഷം എത്ര റോഡുകൾ ഏറ്റെടുത്തുവെന്നും, ഇതിലേക്ക് എത്ര രൂപാ വകയിരുത്തിയെന്നും അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം കൊല്ലം ജില്ലയിലെ എത്ര റോഡുകളാണ് നിർമ്മാണത്തിനായി ഏറ്റെടുത്തതെന്നും, ഈ റോഡുകൾ ഏതൊക്കെയാണെന്നും അറിയിക്കുമോ;

(ഡി) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ഏതെങ്കിലും റോഡുകൾ പ്രസ്തുത പദ്ധതി പ്രകാരം ഏറ്റെടുത്തുവോ; വിശദാംശം അറിയിക്കുമോ;

(ഇ) ഗ്രാമീണറോഡുകൾ ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.06.2014–ലെ മറുപടിക്ക്

<u>ഇന്റഗ്രേറ്റഡ് വാട്ടർഷെഡ് മാനേജ്മെന്റ് പ്രോഗ്രാം</u>

3005 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇന്റഗ്രേറ്റഡ് വാട്ടർഷെഡ് മാനേജ്മെന്റ് പ്രോഗ്രാം(ഐ. ഡബ്ല്യു. എം. പി) പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിൽ എന്ന് മുതലാണ് ആരംഭിച്ചത്;

(ബി) പ്രസ്തുത പദ്ധതിപ്രകാരം പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന് എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്;

(സി) പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിനുകീഴിലുള്ള അണ്ടൂർക്കോണം, പോത്തൻകോട് എന്നീ പഞ്ചായത്തുകളിലും മാണിക്കൽ ഗ്രാമപഞ്ചായത്തിലുമായി എത്ര പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്; ഓരോന്നിന്റെയും ഇനം തിരിച്ച് എസ്റ്റിമേറ്റ് തുക വ്യക്തമാക്കാമോ;

(ഡി) ഐ. ഡബ്ല്യു. എം. പി. ആരംഭിച്ച ആദ്യവർഷം എൻട്രി പോയിന്റ് ആക്ടിവിറ്റി പ്രകാരം എത്ര പ്രവൃത്തികൾ ആരംഭിച്ചു; അവയിൽ എത്രയെണ്ണം പൂർത്തിയായി; ആരംഭിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ആരൊക്കെയാണ്;

(എഫ്) ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട്(ഡി. പി. ആർ) പ്രകാരം എത്ര പ്രവർത്തികൾ ഏറ്റെടുത്തിട്ടുണ്ട്; അടങ്കൽ തുക ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ജി) എത്ര പ്രവൃത്തികൾ ആരംഭിച്ചു; എത്ര എണ്ണം പൂർത്തിയായി;

(എച്ച്) പൂർത്തിയാകാനുള്ളവ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>മലയോര വികസന അതോറിറ്റി</u>

3006 ശ്രീ. കെ. ശിവദാസൻ നായർ
,, എ. റ്റി. ജോർജ്
,, സി. പി. മുഹമ്മദ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലയോര വികസന അതോറിറ്റി രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

(സി) എന്തെല്ലാം പ്രവർത്തനങ്ങളാണ് അതോറിറ്റിയിൽ നിക്ഷിപ്തമായിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) മലയോര വികസന അതോറിറ്റി എന്തെല്ലാം പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നല്കുമോ ?

## കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

മലയോര വികസന എജൻസിയുടെയും
സഹ്യശ്രീ പദ്ധതിയുടെയും ലക്ഷ്യങ്ങൾ

3007 ശ്രീ. ഇ.കെ . വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയോര വികസന എജൻസിയുടെ(ഹാഡ) പ്രഖ്യാപിത ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) സഹ്യശ്രീ പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം ലക്ഷ്യങ്ങളാണ് നിറവേറ്റാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ലക്ഷ്യം എന്നത്തേക്ക് പൂർത്തികരിക്കും എന്നറിയിക്കുമോ?

## കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>സംയോജിത നീർത്തട പരിപാലന പരിപാടി</u>

3008 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എത്ര ബ്ലോക്കുകളിൽ സംയോജിത നീർത്തട പരിപാലന പരിപാടി (ഐ. ഡബ്ലു. എം. പി) നടപ്പിലാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) രൂക്ഷമായ ജലക്ഷാമം നേരിടുന്ന കോതമംഗലം ബ്ലോക്കിൽ സംയോജിത നീർത്തട പരിപാടി (ഐ. ഡബ്ലു. എം. പി.) 2014-15 ൽ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ സത്വര നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 20.06.2014–ലെ മറുപടിക്ക്

<u>വി. ഇ.ഒ മാരുടെ അടിസ്ഥാനയോഗ്യത</u>

3009 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും**
**നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വി. ഇ.ഒ മാരുടെ അടിസ്ഥാനയോഗ്യത ഉയർത്തുന്നതിന് എന്തെങ്കിലും നിർദ്ദേശം നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) എക്സ്റ്റൻഷൻ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകളിൽ ഗ്രാമ വികസന വകുപ്പിൽ നിന്നും എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(സി) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ നേതൃത്വത്തിൽ പഞ്ചായത്ത് തലത്തിൽ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ ആറ് മാസത്തെ പരിശീലനകാലം ഡ്യൂട്ടി ആയി പരിഗണിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.06.2014–ലെ മറുപടിക്ക്

ജോയിന്റ് ബി.ഡി.ഒ. മാരിൽ നിന്നും ബി.ഡി.ഒ. നിയമനം

3010 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗ്രാമവികസന വകുപ്പിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ എത്ര ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അവയിൽ ജോയിന്റ് ബി.ഡി.ഒ.മാരിൽ നിന്നും ഉദ്യോഗകയറ്റം നൽകി നിയമിക്കപ്പെടേണ്ട എത്ര ഒഴിവുകളുണ്ട് എന്ന് വിശദമാക്കുമോ;

(സി) ജോയിന്റ് ബി.ഡി.ഒ. തസ്തികയിൽ നിന്നും ഏറ്റവും ഒടുവിലായി ബി.ഡി.ഒ. തസ്തികയിലേക്ക് ഉദ്യോഗകയറ്റം ലഭിച്ചത് ആർക്കാണെന്നും പ്രസ്തുത ഉദ്യോഗസ്ഥന്റെ സീനിയോറിറ്റി റാങ്ക് നമ്പർ എത്രയാണെന്നുമുള്ള വിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.06.2014–ലെ മറുപടിക്ക്

ഓരോ വാര്‍ഷിക പദ്ധതിയിലും ചെലവഴിക്കപ്പെട്ട തുക

T3011 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം ഓരോ വാര്‍ഷികപദ്ധതിയിലും ചെലവഴിക്കപ്പെട്ട തുകയെത്രയെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികള്‍-തനത് പദ്ധതികള്‍ എന്നിവയില്‍ നിന്നും ഓരോവര്‍ഷവും ചെലവഴിക്കപ്പെട്ടതുകയെത്രയെന്ന് വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തെ പദ്ധതി നിരീക്ഷണത്തിന് നിലവിലുള്ള സംവിധാനം എന്താണ്; ഇതില്‍ മാറ്റം വരുത്തേണ്ടതുണ്ടോയെന്ന്
വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2014–ലെ മറുപടിക്ക്

11, 12 പഞ്ചവത്സര പദ്ധതികള്‍ക്ക് അനുവദിച്ച അടങ്കല്‍ തുക

3012 ശ്രീ. ലൂഡി ലൂയിസ്
,, ഡൊമിനിക് പ്രസന്റേഷന്‍
,, ജോസഫ് വാഴക്കന്‍
,, വി. റ്റി. ബല്‍റാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 12–ാം പഞ്ചവത്സര പദ്ധതിക്ക് എത്ര കോടി രൂപയാണ് അടങ്കല്‍ തുകയായി അംഗീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) 11–ാം പഞ്ചവത്സര പദ്ധതിയെക്കാള്‍ എത്ര ശതമാനം വര്‍ദ്ധനവാണ് 12–ാം പഞ്ചവത്സര പദ്ധതിയില്‍ വരുത്തിയത് ; വിശദാംശങ്ങള്‍ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) 12–ാം പഞ്ചവത്സര പദ്ധതി നടപ്പാക്കുന്നതില്‍ എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് ഈ സര്‍ക്കാര്‍ വരുത്തിയതെന്ന് വിശദമാക്കുമോ ;

(ഡി) പരിഷ്ക്കാരങ്ങളുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളില്‍ പദ്ധതി നടത്താന്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങള്‍ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.06.2014–ലെ മറുപടിക്ക്

<u>കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി അനുവദിച്ച തുക</u>

3013 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013–14 സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്ര സർക്കാർ അനുവദിച്ച തുക എത്ര;

(ബി) ആയതിൽ എത്ര തുക ചെലവഴിച്ചു; എത്ര തുക ലാപ്സായി; തുക ലാപ്സാകാനുള്ള കാരണം എന്തെന്ന് പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഓരോ വർഷം കഴിയുന്തോറും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി അനുവദിക്കുന്ന തുകയും പദ്ധതികളുടെ എണ്ണവും കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇതു പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) ദേശീയ തൊഴിലുറപ്പ് പദ്ധതി, ഇന്ദിരാ ആവാസ് യോജന, പ്രധാനമന്ത്രിയുടെ ഗ്രാമീണ റോഡ് പദ്ധതി എന്നിവയ്ക്ക് 2013–14 സാമ്പത്തിക വർഷം എത്ര തുക അനുവദിച്ചു; എത്ര തുക ചെലവഴിച്ചു; എത്ര തുക ലാപ്സായി; വിശദമാക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>കേരള പരിപ്രേക്ഷ്യ പദ്ധതി 2030</u>

3014 ശ്രീ. ജോസഫ് വാഴക്കൻ
,, വി.ഡി. സതീശൻ
,, വർക്കല കഹാർ
,, സി.പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആസൂത്രണ ബോർഡ് കേരള പരിപ്രേക്ഷ്യ പദ്ധതി 2030 ന് രൂപം കൊടുത്തിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ;

(സി) പദ്ധതിക്കുള്ള നിർദ്ദേശങ്ങൾ ആരാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) പദ്ധതിയിൽ ഏതെല്ലാം മേഖലകൾക്കാണ് മുൻതൂക്കം നൽകിയിട്ടുള്ളതെന്നും വിശദാംശം എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>മിഷൻ 676 ന്റെ ഭാഗമായി ആസൂത്രണ ബോർഡിന്റെ പദ്ധതികൾ</u>

3015 ശ്രീ. ഹൈബി ഈഡൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിഷൻ 676 ന്റെ ഭാഗമായി ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷന്റെ കീഴിൽ നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതികളുടെ രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

ത്രിതല പഞ്ചായത്ത് പഞ്ചവത്സര പദ്ധതി

3016 ശ്രീ. സണ്ണി ജോസഫ്
,, എം. പി. വിൻസെന്റ്
,, എം. എ. വാഹീദ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്ത് പഞ്ചവത്സര പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പഞ്ചവത്സര പദ്ധതി നടത്തിപ്പിലെ ഉദ്യോഗസ്ഥ മേധാവിത്തം അവസാനിപ്പിച്ച് ജനപ്രതിനിധികൾക്ക് അധികാരം ലഭ്യമാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

പൊതു സ്വകാര്യ പങ്കാളിത്ത നയം

T3017 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളുടെ പ്രവർത്തനങ്ങൾ സ്വകാര്യവൽക്കരിക്കുന്നതിനുള്ള നിർദ്ദേശം അടങ്ങിയ പൊതു-സ്വകാര്യ പങ്കാളിത്ത നയത്തിന് (പി.പി.പി. നയം) സംസ്ഥാന ആസൂത്രണ ബോർഡ് രൂപം നല്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>പബ്ലിക് - പ്രൈവറ്റ് പാർട്ടിസിപ്പേഷൻ നടപ്പാക്കാൻ ശുപാർശ</u>

3018 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ പങ്കാളിത്തം വർദ്ധിപ്പിക്കാനായി സംസ്ഥാന ആസൂത്രണ ബോർഡ് പബ്ലിക് - പ്രൈവറ്റ് പാർട്ടിസിപ്പേഷൻ (പി. പി. പി.) നടപ്പാക്കാൻ ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ മേഖലകളെയാണ് പി. പി. പി. വ്യവസ്ഥയിൽ ഉൾപ്പെടുത്തുവാൻ നിർദ്ദേശിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ഡി) ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാർ എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

ബി. പി. എൽ. ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

3019 ശ്രീ. വർക്കല കഹാർ
,, സി. പി. മുഹമ്മദ്
,, റ്റി. എൻ പ്രതാപൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബി. പി. എൽ ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുനർ നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പുനർനിശ്ചയിച്ച മാനദണ്ഡങ്ങളുടെ വിശദാംശങ്ങൾ എന്തെല്ലാമെന്നത് വിശദമാക്കുമോ;

(സി) മാനദണ്ഡങ്ങൾ അനുസരിച്ച് ഏതെല്ലാം വിഭാഗങ്ങളെയാണ് ഒഴിവാക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) പുതുക്കിയ മാനദണ്ഡങ്ങൾ അനുസരിച്ച് ഏതൊക്കെ വിഭാഗങ്ങളെയാണ് ബി. പി. എൽ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള നടപടികൾ

3020 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന് അനുവദിച്ച കേന്ദ്ര ഫണ്ട് എത്രമാത്രം ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വകുപ്പിൽ കേന്ദ്രഫണ്ടിന്റെ ഭാഗമായി പുതിയതായി എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) തസ്തികകൾ ഏതെല്ലാമാണെന്നും ഇതിൽ എത്ര തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) കേരള സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള നടപടികൾ എത്രത്തോളമായി എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2014–ലെ മറുപടിക്ക്

എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് സർവ്വേ
റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുന്നതിന് നടപടി

3021 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റിന്റെ സർവ്വേ റിപ്പോർട്ടുകൾ പ്രസിദ്ധപ്പെടുത്തുന്നതിൽ വരുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കാലതാമസത്തിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) റിപ്പോർട്ടുകൾ യഥാസമയം പ്രസിദ്ധീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>എസ്. എസ്.എസ്.പി. പദ്ധതിയുമായി ബന്ധപ്പെട്ട കേന്ദ്ര സഹായം</u>

3022 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പിന് എസ്. എസ്.എസ്.പി. പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോയെന്നും എങ്കിൽ എത്ര തുകയാണെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര പ്രോജക്ടുകൾ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കുമോ;

(സി) പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര തുക വിവിധ പ്രോജക്ടുകൾക്ക് നൽകിയിട്ടുണ്ടെന്ന് ജില്ലാ അടിസ്ഥാനത്തിൽ വിശദമാക്കുമോ ?

# കേരള നിയമസഭ
## 20.06.2014–ലെ മറുപടിക്ക്

<u>പഞ്ചായത്തുകളിലെ ടി.എസ്.പി ഫണ്ട് വിനിയോഗം</u>

3023 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പഞ്ചായത്തുകളിലെ ടി.എസ്.പി ഫണ്ട് വിനിയോഗം സംബന്ധിച്ച വിവരം വാർഷിക ക്രമത്തിൽ ജില്ലാടിസ്ഥാനത്തിൽ അറിയിക്കുമോ;

(ബി) ടി.എസ്.പി ഫണ്ട് വിനിയോഗം ഫലപ്രദമാകുന്നില്ല എന്നത് സംബന്ധിച്ച് ആസൂത്രണ ബോർഡ് പഠനം നടത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ ഫണ്ട് കാര്യക്ഷമമായി വിനിയോഗിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>ഒരു നിയമസഭാ മണ്ഡലത്തിന് ഒരു ബ്ലോക്ക്</u>

3024 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഒരു നിയമസഭാ മണ്ഡലത്തിന് ഒരു ബ്ലോക്ക് എന്ന രീതിയിൽ ബ്ലോക്കുകൾ പുനർ നിർണ്ണയിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
# 20.06.2014-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ വായ്പ തിരിച്ചടവ്</u>

3025 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ ലോൺ സ്വീകരിച്ച് നിലവിൽ വിദ്യാഭ്യാസം തുടരുന്ന വിദ്യാർത്ഥികളുടെ എണ്ണം എത്രയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിദ്യാഭ്യാസ വായ്പ എടുത്ത് വിദ്യാഭ്യാസം പൂർത്തിയാക്കി തൊഴിൽ ലഭിക്കാത്തവർ എത്ര; വായ്പ തിരിച്ചുപിടിക്കാൻ ബാങ്കുകൾ നടപടി ആരംഭിച്ച വായ്പ കുടിശ്ശികയുള്ളവർ എത്ര; വ്യക്തമാക്കുമോ;

(ബി) വിവിധ ബാങ്കുകൾ സർക്കാരിന് ഇത് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കിയിട്ടുണ്ടോ. ഇല്ലെങ്കിൽ ഇത് സംബന്ധിച്ച വിശദാംശം ശേഖരിക്കാൻ ആസൂത്രണ/സാമ്പത്തിക വകുപ്പുകൾക്ക് നിർദ്ദേശം നൽകുമോ;

(സി) പ്രസ്തുത വിദ്യാഭ്യാസ വായ്പ ലഭ്യമായ വിദ്യാർത്ഥികൾക്ക് എന്തെല്ലാം കേന്ദ്ര/സംസ്ഥാന സഹായങ്ങൾ നൽകിവരുന്നു;

(ഡി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം വിദ്യാഭ്യാസ വായ്പ യഥാസമയം ലഭിക്കാത്തതിനാൽ മനം നൊന്ത്
ആത്മഹത്യ ചെയ്തവർ എത്ര; വിശദാംശം ലഭ്യമാക്കുമോ;

(ഇ) വിദ്യാഭ്യാസ വായ്പ എടുത്തിട്ടുള്ള വിദ്യാർത്ഥികൾക്കുവേണ്ട സഹായങ്ങളും സംരക്ഷണവും ലഭ്യമാക്കണമെന്ന യുവജനക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമസഭാ സമിതിയുടെ നിർദ്ദേശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ. എങ്കിൽ ഇതിലെ ഏതെല്ലാം നിർദ്ദേശങ്ങൾ നാളിതുവരെ നടപ്പിലാക്കി; വിശദമാക്കുമോ;

(എഫ്) ഇല്ലെങ്കിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർ, ബാങ്കുകൾ എന്നിവരുടെ പേരിൽ നടപടികൾ സ്വീകരിക്കുമോയെന്ന്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.06.2014–ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ വായ്പയുടെ പലിശ ഒഴിവാക്കിനൽകൽ</u>

3026 ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതുവരെ എത്ര വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പയുടെ പലിശ ഒഴിവാക്കി നല്കിയിട്ടുണ്ട്;

(ബി) പലിശ ഇനത്തിൽ ഒഴിവാക്കി നല്കിയ തുക എത്ര;

(സി) പലിശ ഒഴിവാക്കി നല്കുന്ന തുക ബാങ്കുകൾക്ക് നല്കിയിട്ടുണ്ടോ;

(ഡി) ബാങ്കുകൾക്ക് ലഭിക്കേണ്ട തുക ലഭിക്കാത്തതുമൂലം ബാങ്കുകൾ ജപ്തി നടപടികളുമായി മുന്നോട്ട് പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ഇളവുകൾ അർഹരായവർക്ക് ലഭിക്കുന്നതിന് എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

പാൽ ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടികൾ

3027 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി ഈ സർക്കാർ നടപ്പാക്കുന്ന പദ്ധതികൾ വേണ്ടത്ര ഫലപ്രാപ്തിയിലെത്തിയിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ ആവശ്യത്തിന്റെ എത്ര ശതമാനമാണ് ആഭ്യന്തര ഉല്പാദനമെന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉത്പാദനതോത് എത്ര വർദ്ധിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആലോചിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഗുണമേന്മയുള്ള കന്നുകളും കാലിത്തീറ്റയും കൃഷിക്കാരന് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.06.2014–ലെ മറുപടിക്ക്

<u>ക്ഷീര കർഷകരെ തൊഴിൽ ഉറപ്പു പദ്ധതിയുടെ ഭാഗമാക്കുന്നതിന് നടപടി</u>

3028 ശ്രീ. കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീര കർഷകരെ തൊഴിൽ ഉറപ്പു പദ്ധതിയുടെ ഭാഗമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തു കൊണ്ടെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള സഹായ പദ്ധതി എന്ന കാഴ്ചപ്പാടിലുന്നി ഇക്കാര്യത്തിൽ സത്വര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2014–ലെ മറുപടിക്ക്

<u>മിൽമ മാനേജിംഗ് ഡയറക്ടറുടെ റിപ്പോർട്ട്</u>

3029 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിൽമ ചെയർമാന് ഭരണസമിതിയിൽ തുടരുവാനുള്ള അർഹതയിൽ സംശയം പ്രകടിപ്പിച്ചും പരിശോധന ആവശ്യപ്പെട്ടും മിൽമ മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രാഥമിക ക്ഷീര സംഘം പ്രസിഡന്റുമാർക്ക് മാത്രമേ മിൽമ ഡയറക്ടറാകാൻ സാധിക്കുവെന്ന് വ്യവസ്ഥയുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) തൃശ്ശൂർ അവണിശ്ശേരി ക്ഷീര സംഘം അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ ഭരണത്തിൻകീഴിലായിരിക്കുന്ന സമയത്ത് പ്രസ്തുത സംഘത്തെ പ്രതിനിധാനം ചെയ്ത് ആരെങ്കിലും മിൽമയുടെ ഡയറക്ടർ ആയിട്ടുണ്ടോ; പേര് വിവരം നൽകാമോ?

## കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

വിശ്വമലയാള മഹോത്സവം

3030 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിശ്വമലയാള മഹോത്സവം സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുമുഖേന കൈവരിക്കാനുദ്ദേശിച്ചിരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) മലയാള ഭാഷയുടെ വളർച്ചയ്ക്കായി എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം തുടർ നടപടികളാണ് ഇതിന്റെ ഭാഗമായി സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**20.06.2014-ലെ മറുപടിക്ക്**

<u>'മലയാളം മിഷന്‍'</u>

3031 ശ്രീ. പി.എ. മാധവന്‍
,, കെ. ശിവദാസന്‍ നായര്‍
,,ലൂഡി ലൂയിസ്
,, കെ. മുരളീധരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് മലയാളം മിഷന്‍ എന്തെല്ലാം പ്രവര്‍ത്തനങ്ങളാണ് നടത്തുന്നത്; വിശദമാക്കുമോ;

(ബി) ഇതിന്റെ പ്രവര്‍ത്തനങ്ങളും ഭാഷാപഠനത്തിന്റെ മാര്‍ഗ്ഗരേഖ ഉള്‍പ്പെടെയുള്ള കാര്യങ്ങളും ക്രോഡീകരിക്കുന്നതിനായി എന്തെല്ലാം കര്‍മ്മ പദ്ധതികള്‍ ആസൂത്രണം ചെയ്തിട്ടുണ്ട്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ഈ ലക്ഷ്യം നിറവേറ്റുന്നതിന് ഒരു വിദഗ്ധ സമിതിയെ നിയോഗിക്കുമോ; എങ്കില്‍ എന്തെല്ലാം കാര്യങ്ങളാണ് സമിതിയുടെ പഠന വിഷയത്തില്‍ ഉള്‍പ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ എടുത്തിട്ടുണ്ട്; വിശദാംശങ്ങള്‍ എന്തെല്ലാം?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>സാംസ്കാരിക ക്ഷേമനിധി ബോർഡ്</u>

T3032 ശ്രീ. പി. എ. മാധവൻ
,, സി. പി. മുഹമ്മദ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക ക്ഷേമനിധി ബോർഡ് രൂപവൽക്കരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ബോർഡിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) സിനിമ, ടെലിവിഷൻ മേഖലകൾ ഉൾപ്പെടെ കലാരംഗത്ത് പ്രവർത്തിക്കുന്നവരുടേയും പ്രവർത്തിച്ചിരുന്നവരുടേയും ക്ഷേമത്തിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത ബോർഡിന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ബോർഡിന്റെ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് എങ്ങനെയാണ് കണ്ടെത്തുന്നതെന്ന് അറിയിക്കുമോ ?

**കേരള നിയമസഭ**
**20.06.2014-ലെ മറുപടിക്ക്**

<u>ഫോക്‌ലോർ അക്കാദമി</u>

3033 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഫോക്‌ലോർ അക്കാദമിയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ;

(ബി) നാടൻ കലകളെ പ്രോത്സാഹിപ്പിക്കുന്നതിന് മറ്റ് രാജ്യങ്ങളിൽ കലാമേളകൾ അക്കാദമിയുടെ കീഴിൽ നടത്താറുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇതിനായുള്ള പ്രവർത്തനങ്ങൾ നടത്തുമോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

സംഗീത നാടക അക്കാദമിക്ക് കാഞ്ഞങ്ങാട് റീജ്യണൽ സെന്റർ അനുവദിക്കുന്നതിന് നടപടി

3034 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സംഗീത നാടക അക്കാഡമിയുടെ കീഴിൽ ജനകീയ പങ്കാളിത്തത്തോടുകൂടി വിജയകരമായി കാഞ്ഞങ്ങാട് പ്രതിവാര നാടക അവതരണം നടന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംഗീത നാടക അക്കാദമിക്ക് വിദ്വാൻ പി. കേളുനായരുടെ പേരിൽ കാഞ്ഞങ്ങാട് റീജ്യണൽ സെന്റർ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>പൈതൃക മ്യൂസിയങ്ങൾ</u>

3035 ശ്രീ. സണ്ണി ജോസഫ്
,, പി. സി. വിഷ്ണുനാഥ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലകളിലും പൈതൃക മ്യൂസിയങ്ങൾ ആരംഭിക്കുവാൻ സാംസ്കാരിക വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതി മുഖേന എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ആരുടെയെല്ലാം സഹായത്തോടെയാണ് ഇത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ഡി) ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

പത്മനാഭപുരം കൊട്ടാരത്തിലെ പുന:രുദ്ധാരണ പ്രവൃത്തികൾ

3036 ശ്രീ.എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലോകപൈതൃക സ്മാരകങ്ങളുടെ പട്ടികയിലുൾപ്പെട്ട തക്കല പത്മനാഭപുരം കൊട്ടാരത്തിൽ എന്തൊക്കെ പുന: രുദ്ധാരണ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്;

(ബി) കൂടുതൽ സന്ദർശകരെ ആകർഷിക്കുന്നതിനായി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

കലാസാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവര്‍ത്തനം ഏകോപിപ്പിക്കേണ്ടതിന്റെ ആവശ്യകത

3037 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സാഹിത്യ അക്കാദമി സംഗീത നാടക അക്കാദമി, ഡ്രാമ സ്കൂള്‍, കലാമണ്ഡലം തുടങ്ങിയ കലാ സാംസ്ക്കാരിക സ്ഥാപനങ്ങളുടെ പ്രവര്‍ത്തനം പരസ്പരം ഏകോപനമില്ലാത്ത അവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ അവയെ ഏകോപിപ്പിച്ച് കൂടുതല്‍ സാംസ്കാരിക ഇടപെടല്‍ നടത്തുവാന്‍ പര്യാപ്തമാക്കുവാന്‍ ശ്രദ്ധിക്കുമോ?

# കേരള നിയമസഭ
# 20.06.2014-ലെ മറുപടിക്ക്

<u>കലാസാഹിത്യ രംഗങ്ങളിലേര്‍പ്പെടുത്തിയിട്ടുള്ള പുരസ്കാരങ്ങള്‍</u>

3038 ശ്രീ. മുല്ലക്കര രത്നാകരന്‍

താഴെ കാണുന്ന ചോദ്യത്തിന്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോര്‍ക്കയും **വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

സംസ്ഥാന സര്‍ക്കാരിന്റെ ആഭിമുഖ്യത്തില്‍ കലാസാഹിത്യ രംഗങ്ങളിലെ വിശിഷ്ട സംഭാവനകള്‍ക്ക് ഏര്‍പ്പെടുത്തിയിട്ടുള്ള പുരസ്ക്കാരങ്ങള്‍ ഏതെല്ലാമാണ്; വിശദാംശങ്ങള്‍ നല്‍കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>കുഞ്ചൻനമ്പ്യാർ സ്മാരകത്തിന്റെ സമഗ്ര വികസനം</u>

3039 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ലെക്കിടിയിലുള്ള കുഞ്ചൻനമ്പ്യാർ സ്മാരകത്തിന്റെ സമഗ്ര വികസനത്തിനായി 1.6.2006 മുതൽ 31.6.2011 വരെയുള്ള കാലയളവിൽ എത്ര തുക അനുവദിച്ചു; എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി ;

(ബി) കുഞ്ചൻ സ്മാരകത്തിന്റെ സമഗ്ര വികസനത്തിനായി ഈ സർക്കാർ എത്ര തുക അനുവദിച്ചു; എന്തെല്ലാം നടപടികൾ സ്വീകരിച്ചു; ഓരോന്നിന്റെയും വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>കുഞ്ഞുണ്ണിമാഷ് സ്മാരകം</u>

3040 ശ്രീമതി. ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാട്ടിക മണ്ഡലത്തിലെ വലപ്പാട് പഞ്ചായത്തിൽ കവി കുഞ്ഞുണ്ണി മാഷുടെ സ്മാരകനിർമ്മാണത്തിനുവേണ്ടി കുടുംബം സൗജന്യമായി നല്കിയ ഭൂമിയിൽ സ്മാരക നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ചു നടക്കുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ;

(ബി) കുഞ്ഞുണ്ണി മാഷ് സ്മാരകത്തിന് സർക്കാർ ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(സി) സ്മാരകത്തിന്റെ രൂപകല്പനാ നിർവ്വഹണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന് പ്രവൃത്തി ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?

## കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

വിജ്ഞാനദായനി ദേശീയ വിദ്യാലയത്തിന്റെ സംരക്ഷണം

3041 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1927-ൽ വിദ്വാൻ.പി. കേളുനായർ, കാഞ്ഞങ്ങാട് വെള്ളിക്കോത്ത് സ്ഥാപിച്ച വിജ്ഞാന ദായനി ദേശീയ വിദ്യാലയം കാലപ്പഴക്കത്താൽ സംരക്ഷിക്കപ്പെടാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിദ്യാലയം സംരക്ഷിച്ച് വിദ്വാൻ പി. കേളു നായരുടെ സ്മരണക്കായി ഒരു സാംസ്കാരിക മന്ദിരം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**20.06.2014-ലെ മറുപടിക്ക്**

<u>സഹോദരൻ അയ്യപ്പൻ സ്മാരകം</u>

3042 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സാമൂഹ്യ പരിഷ്കർത്താവായിരുന്ന സഹോദരൻ അയ്യപ്പൻ, മിശ്രഭോജനം സംഘടിപ്പിച്ച പള്ളിപ്പുറം പഞ്ചായത്തിലെ തുണ്ടിടപ്പറമ്പിൽ, ആദരസൂചകമായി സ്മാരകം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

ശ്രീചിത്ര ആർട്ട് ഗാലറിയുടെ നവീകരണം

3043 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശ്രീചിത്ര ആർട്ട് ഗാലറിയിൽ രാജാരവിവർമ്മയുടെ എത്ര ചിത്രങ്ങളാണുണ്ടായിരുന്നത്;ഓരോ ചിത്രങ്ങളുടേയും പേരുൾപ്പെടെ വ്യക്തമാക്കാമോ; ഇതിൽ നിന്നും എത്ര ചിത്രങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട്; നഷ്ടപ്പെട്ട ചിത്രങ്ങൾ ഏതൊക്കെയാണ്; വിശദമാക്കാമോ;

(ബി) ആർട്ട് ഗാലറി നവീകരിക്കാത്തത് കാരണം ചിത്രങ്ങൾ നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആർട്ട് ഗാലറി നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

ഡോ. കെ. ആർ. നാരായണന്റെ പ്രതിമ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട കേരള പരവൻ സർവ്വീസ് സൊസൈറ്റിയുടെ നിവേദനം

T3044 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡോ. കെ. ആർ. നാരായണന്റെ പ്രതിമ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കേരള പരവൻ സർവ്വീസ് സൊസൈറ്റിയുടെ നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രതിമാസ്ഥാപനം സമയബന്ധിതമായി നടപ്പിലാക്കാൻ നിവേദനം നൽകിയ പരവൻ സൊസൈറ്റി ഭാരവാഹികളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>സാന്ത്വന പദ്ധതി</u>

3045 ശ്രീ. കെ. മുരളീധരൻ
,, റ്റി. എൻ പ്രതാപൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവാസി വകുപ്പ് നടപ്പാക്കുന്ന സാന്ത്വന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) എന്തെല്ലാം ധനസഹായങ്ങളാണ് പദ്ധതി മുഖേന പ്രവാസികൾക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് ധനസഹായങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) എന്ന് മുതലാണ് വർദ്ധിപ്പിച്ച ധനസഹായങ്ങൾക്ക് പ്രാബല്യമുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**കേരള നിയമസഭ**
**20.06.2014-ലെ മറുപടിക്ക്**

<u>പ്രവാസി ക്ഷേമനിധി</u>

3046 ശ്രീമതി. കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവാസി ക്ഷേമനിധി പദ്ധതി എന്നു മുതലാണ് ആരംഭിച്ചത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ക്ഷേമനിധിയിൽ എത്ര പ്രവാസികൾ അംഗങ്ങളായി ചേർന്നിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) അംഗങ്ങളായി ചേർന്ന മുഴുവൻ പ്രവാസികൾക്കും അംഗത്വ കാർഡ് വിതരണം ചെയ്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ, കാർഡ് വിതരണം എപ്പോൾ പൂർത്തിയാക്കും എന്ന് വിശദമാക്കുമോ;

(ഇ) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**കേരള നിയമസഭ**
**20.06.2014-ലെ മറുപടിക്ക്**

<u>പ്രവാസി മലയാളികളുടെ സഹകരണത്തോടെയുള്ള പദ്ധതികൾ</u>

3047 ശ്രീ. തോമസ് ഉണ്ണിയാടൻ
'' സി. എഫ്. തോമസ്
'' റ്റി. യു. കുരുവിള
'' മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രവാസി മലയാളികളുടെ സഹകരണത്തോടെ സംസ്ഥാനത്തിന്റെ സ്വപ്ന പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>നിതാഖത് നിയമം - തൊഴിൽ നഷ്ടപ്പെട്ട പ്രവാസികളുടെ പുനരധിവാസം</u>

3048 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'നിതാഖത്' നിയമം നടപ്പിലാക്കിയതുമൂലം തിരിച്ചെത്തിയ കേരളീയരുടെ എണ്ണം എത്ര;

(ബി) ഏതൊക്കെ ഗൾഫ് രാജ്യങ്ങളിൽ നിന്നുമാണ് പ്രസ്തുത നിയമം നടപ്പിലായതിലൂടെ കേരളീയർ സ്വദേശത്തേയ്ക്ക് വന്നിട്ടുള്ളത്;

(സി) 'നിതാഖത്' നിയമം നടപ്പിലാക്കിയതുമൂലം തിരിച്ചെത്തിയവരെ സഹായിക്കാനായി എന്തെല്ലാം കേന്ദ്ര/സംസ്ഥാന സഹായം ലഭ്യമാക്കി; നാളിതുവരെ എത്ര തുക വകയിരുത്തി; ആയതിൽ എന്തു തുക ചെലവാക്കി; ഇതിലൂടെ എത്ര പേർക്ക് പ്രയോജനം ലഭിച്ചു; വ്യക്തമാക്കുമോ;

(ഡി) 'നിതാഖത്' നിയമ നടപടികൾക്കു വിധേയമായി തിരിച്ചെത്തിയവർക്ക് വീണ്ടും ഗൾഫ് രാജ്യങ്ങളിൽ പോകുന്നതിന് എന്തെങ്കിലും നിയന്ത്രണം നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ഇ) 'നിതാഖത്' നിയമങ്ങൾക്ക് വിധേയമായി തിരിച്ചെത്തിയവരിൽ എത്ര കുറ്റവാളികൾ/തീവ്രവാദികൾ ഉണ്ട്; അവർ ആരെല്ലാം; ഇവരിൽ എത്രപേർ നിരീക്ഷണത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**20.06.2014-ലെ മറുപടിക്ക്**

<u>പ്രവാസികളെ സഹായിക്കാൻ ചെറുകിട സംരംഭങ്ങൾ</u>

3049 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജോലി നഷ്ടപ്പെട്ട് മടങ്ങിയെത്തുന്ന പ്രവാസികൾക്ക് ചെറുകിട സംരംഭങ്ങൾ ആരംഭിക്കാൻ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) ഏതൊക്കെ സംരംഭങ്ങൾക്ക് എത്ര രൂപ ലോണും എത്ര രൂപ സബ്സിഡിയും അനുവദിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

ഗള്‍ഫ് നാടുകളിലെ ജയിലുകളില്‍ കഴിയുന്ന മലയാളികള്‍

3050 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിവിധ ഗള്‍ഫ് രാജ്യങ്ങളിലെ ജയിലുകളിലായി എത്ര മലയാളികളാണ് തടവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഗള്‍ഫ് നാടുകളിലെ ജയിലുകളില്‍ കഴിയുന്ന മലയാളികള്‍ എത്ര വര്‍ഷംവരെ തടവ് ശിക്ഷ അനുഭവിച്ചുവരുന്നവരാണ്; വിശദാംശം നല്‍കുമോ ?

**കേരള നിയമസഭ**
**20.06.2014-ലെ മറുപടിക്ക്**

<u>ഗൾഫിലെ ജയിലുകളിൽ കഴിയുന്ന മലയാളികൾക്ക് നിയമസഹായം</u>

3051 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, വർക്കല കഹാർ
,, പി.എ മാധവൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗൾഫിലെ ജയിലുകളിൽ കഴിയുന്ന മലയാളികൾക്ക് നിയമസഹായത്തിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ആരെല്ലാമാണ് സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>എല്ലാ ജില്ലകളിലും നോർക്കയ്ക്ക് മേഖലാ ഓഫീസ്</u>

3052 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നോർക്കയ്ക്ക് ഏതൊക്കെ ജില്ലകളിലാണ് മേഖലാ ഓഫീസുകളുള്ളത്;

(ബി) ഏതൊക്കെ ജില്ലകളിൽ മേഖലാ ഓഫീസുകൾ നിലവിലില്ല;

(സി) വിദേശ മലയാളികൾക്ക് വേണ്ടി സൗകര്യപ്രദമായി, എല്ലാ ജില്ലകളിലും നോർക്കയുടെ മേഖലാ ഓഫീസുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**20.06.2014-ലെ മറുപടിക്ക്**

<u>നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് പദ്ധതി</u>

3053

ശ്രീ. ഷാഫി പറമ്പിൽ
,, പി. എ. മാധവൻ
,, സി. പി. മുഹമ്മദ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) എന്തെല്ലാം സവിശേഷതകളാണ് പ്രസ്തുത പദ്ധതിക്കുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇതിന്റെ അർഹതാ മാനദണ്ഡം വിശദമാക്കുമോ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>പത്രജീവനക്കാർക്കുള്ള പെൻഷൻ പദ്ധതി</u>

T3054 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പത്രജീവനക്കാർക്കായുള്ള പെൻഷൻ പദ്ധതിയിലുള്ളവരുടെ എണ്ണം എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പത്ര ജീവനക്കാർക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന പെൻഷൻ തുക കാലാനുസൃതമായി പരിഷ്ക്കരിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ പത്രജീവനക്കാരുടെ പെൻഷൻ കാലോചിതമായി പരിഷക്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**20.06.2014-ലെ മറുപടിക്ക്**

<u>സി.ഡിറ്റിൽ താല്ക്കാലിക ജീവനക്കാരെ</u>
<u>സ്ഥിരപ്പെടുത്തിയതിലെ അപാകത പരിഹരിക്കുവാൻ നടപടി</u>

3055 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സി.ഡിറ്റിൽ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിൽ, സയന്റിസ്റ്റ് കാറ്റഗറിയിൽ ജോലി ചെയ്യുന്ന സയന്റിസ്റ്റിനെ അഡ്മിനിസ്ട്രേറ്റീവ് ടെക്നിക്കൽ വിഭാഗത്തിലേയ്ക്ക് സ്ഥിര നിയമനം നൽകി നിയമിച്ച അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് എത്രയും വേഗം തിരുത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

<u>സി-ഡിറ്റ് ജീവനക്കാർക്ക് ഇടക്കാലാശ്വാസം</u>

3056 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2011-ൽ സി-ഡിറ്റ് ജീവനക്കാർക്ക് ഇടക്കാലാശ്വാസമായി **25%** ശമ്പളവർദ്ധനവ് നൽകിയതു പോലെ, ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ അത്തരത്തിൽ ഒരു ഇടക്കാലാശ്വാസം നൽകിയിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഇടക്കാലാശ്വാസം അടിയന്തിരമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 20.06.2014-ലെ മറുപടിക്ക്

വിവര പൊതുജന സമ്പർക്ക വകുപ്പിൽ നിയമന നിരോധനം

3057 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവരപൊതുജന സമ്പർക്ക വകുപ്പിൽ നിയമന നിരോധനം നിലവിലുണ്ടോ;

(ബി) അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർമാരുടെ റാങ്ക് ലിസ്റ്റിൽ നിന്ന് എത്രപേർക്ക് നിയമനം നൽകി; റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കും;

(സി) എത്ര അസിസ്റ്റന്റ് എഡിറ്റർമാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ട്; നിലവിലുള്ള അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർമാരിൽ നിന്ന് എത്രപേർക്ക് അസിസ്റ്റന്റ് എഡിറ്റർമാരായി സ്ഥാനക്കയറ്റം നൽകി; നൽകിയില്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ:

(ഡി) സെക്രട്ടേറിയറ്റിൽ നിന്നും മറ്റുമായി എത്രപേർ അസിസ്റ്റന്റ് എഡിറ്റർ തസ്തികയിലേയ്ക്ക് ഡെപ്യൂട്ടേഷനിലും കരാർ അടിസ്ഥാനത്തിലും ജോലി ചെയ്യുന്നുണ്ട്; വിശദാംശം നൽകുമോ ?